## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 305** — **28-06-2024 - ൽ മറുപടിയ്ക്ക്**

### ഭക്ഷ്യസുരക്ഷാ ഓഫീസുകളിലെ ക്രമക്കേടുകൾ തടയാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. പി. കെ. ബഷീർ,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. എ. കെ. എം. അഷ്റഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിലും ജില്ലാ ഓഫീസുകളിലും ക്രമക്കേടുകൾ നടക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാ കമ്മീഷണറേറ്റിലും ജില്ലാ ഓഫീസുകളിലും വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ പരിശോധന 2018 മുതൽ തുടർച്ചയായി നടത്തി വരുന്നു. അത്തരത്തിൽ ലഭ്യമാക്കിയിട്ടുള്ള പരിശോധനാ റിപ്പോർട്ടുകളിൽ ഒന്നും തന്നെ ഗുരുതരമായ ക്രമക്കേടുകൾ റിപ്പോർട്ട് ചെയ്തിട്ടില്ല. കുറ്റക്കാരായി കണ്ടെത്തുന്നവർക്കെതിരെ ചട്ടപ്രകാരം കർശന നടപടി കൈക്കൊള്ളുന്നുണ്ട്. ഉദ്യോഗസ്ഥർക്കെതിരെ ലഭിയ്ക്കുന്ന പരാതികൾ പരിശോധിയ്ക്കുന്നതിനായി ഒരു ഇന്റേണൽ വിജിലൻസ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട് . പരാതിയുടെ ഗൗരവം പരിശോധിച്ച് മുതിർന്ന ഉദ്യോഗസ്ഥരെ അന്വേഷണ ഉദ്യോഗസ്ഥരായി നിയമിച്ച് പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട് . ഒരു ഉദ്യോഗസ്ഥനെ നിലവിൽ സസ്പെന്റ് ചെയ്ത് അച്ചടക്ക നടപടി ആരംഭിച്ചിട്ടുണ്ട്. അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് എല്ലാ വർഷവും നടന്ന് വരുന്നുണ്ട്. ടി റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ആവശ്യമായ പരിഹാര നടപടികൾ കാര്യാലയത്തിൽ സ്വീകരിച്ച് വരുന്നുണ്ട് . ജില്ലാകാര്യാലയങ്ങളിലും ലാബുകളിലും അവശ്യം വേണ്ട ആഭ്യന്തര പരിശോധന നടത്തി വരുന്നുണ്ട് . ധനകാര്യ പരിശോധനാ വിഭാഗം വിവിധ കാര്യാലയങ്ങളിൽ നടത്തുന്ന പരിശോധനാ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലും പരിഹാര നടപടികൾ സ്വീകരിച്ച് വരുന്നുണ്ട് . |
| (ബി) | ഭക്ഷ്യസാധനങ്ങൾക്ക് ഗുണനിലവാരമില്ലെന്ന പരിശോധനാ ഫലത്തിന്മേൽ നടപടി സ്വീകരിക്കുന്നില്ലെന്ന പരാതികളിൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിയ്ക്കുന്ന സ്റ്റാറ്റ്യൂട്ടറി സാമ്പിളുകൾ സംസ്ഥാനത്ത് പ്രധാനമായും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ അനലിറ്റിക്കൽ ലാബുകളിലാണ് പരിശോധിച്ച് വരുന്നത്. ടി ലാബുകളിൽ നടത്തുന്ന പ്രാഥമിക |

| | | | |
|---|---|---|---|
| | | | പരിശോധനകളിൽ Unsafe ആയി കണ്ടെത്തുന്ന പക്ഷം ബന്ധപ്പെട്ട ഭക്ഷ്യോല്പന്നത്തിന്റെ ഉൽപ്പാദനവും, വിതരണവും, വിൽപ്പനയും 2006 ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമത്തിലെ സെക്ഷൻ 36(3)(b) പ്രകാരം നിക്ഷിപ്തമായിട്ടുള്ള അധികാരം ഉപയോഗിച്ച് അതാത് ജില്ലകളിലെ ഭക്ഷ്യ സുരക്ഷാ അസിസ്റ്റന്റ് കമ്മീഷണർമാർ നിരോധന നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. അത്തരത്തിൽ നിരോധിക്കപ്പെട്ട സാധനങ്ങൾ വിപണിയിൽ നിന്ന് പിൻവലിക്കുന്നതിനായി ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി തുടർ നടപടി ഉറപ്പാക്കാറുമുണ്ട്. നിരോധിക്കപ്പെട്ട ഉൽപ്പന്നങ്ങൾ വിപണിയിൽ നിന്ന് പിൻവലിയ്ക്കുന്ന നടപടിക്രമം ഉറപ്പാക്കുന്നതിന് 2017 ലെ Food Safety and Standards (Food Recall Procedure) റെഗുലേഷനിൽ വ്യക്തമായി പ്രതിപാദിച്ചിട്ടുള്ളതും ആയത് കർശനമായി ഉറപ്പാക്കി വരുന്നതുമാണ്. ഇത് സംബന്ധിച്ച് Food Safety and Standards Authority of India നൽകുന്ന തുടർ നിർദ്ദേശങ്ങളും വകുപ്പിൽ നടപ്പിലാക്കി വരുന്നുണ്ട്. Food Safety and Standards Authority of India ഇത് സംബന്ധിച്ച് 18/06/2024 തീയതിയായി ലഭ്യമാക്കിയിട്ടുള്ള നിർദ്ദേശപ്രകാരം 2017 ലെ Food Safety and Standards (Food Recall Procedure) Regulation 5(3) പ്രകാരം Food Safety and Standards Authority of India യുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറോ അല്ലെങ്കിൽ അതാത് സംസ്ഥാനങ്ങളിലെ ഭക്ഷ്യ സുരക്ഷാ കമ്മീഷണറോ Recall ഉത്തരവുകൾ പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. |
| (സി) | ഭക്ഷ്യസുരക്ഷാ വകുപ്പിന് അതത് വർഷം റിട്ടേൺ ഫയൽ ചെയ്യണമെന്ന വ്യവസ്ഥ പാലിക്കാത്ത ഭക്ഷ്യോല്പന്ന കച്ചവടക്കാർക്കെതിരെ നടപടി സ്വീകരിക്കാറുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ? | (സി) | ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം 2006, Regulation (Licensing and Registration of Food Business) 2011 നിഷ്കർഷിക്കുന്നതനുസരിച്ച് ഭക്ഷ്യ ഉൽപ്പാദകരും, റീപായ്ക്ക് ചെയ്യുന്നവരും, ഭക്ഷ്യ വസ്തുക്കൾ ഇറക്കുമതി ചെയ്യുന്നവരുമായ ഭക്ഷ്യ സംരംഭകർ മാത്രം വാർഷിക റിട്ടേൺ ഫയൽ ചെയ്യേണ്ടതാണ്. ഫയൽ ചെയ്യുന്നതിന് കാലതാമസം വരുന്ന പക്ഷം അവസാന തീയതിയ്ക്കു ശേഷം വരുന്ന ഓരോ ദിവസവും 100 രൂപ എന്ന നിരക്കിൽ പിഴ ഈടാക്കുന്നതാണ്. ഭക്ഷ്യ സംരംഭകർക്ക് foscos.fssai.gov.in എന്ന വെബ്സൈറ്റ് മുഖേന നേരിട്ട് വാർഷിക റിട്ടേൺ ഫയൽ ചെയ്യുന്നതിനും പിഴയടക്കുന്നതിനും സാധിക്കുന്നതാണ്. പിഴ തുക മുഴുവൻ ഒടുക്കാത്ത പക്ഷം ഭക്ഷ്യ സംരംഭകർക്ക് അവരുടെ ഭക്ഷ്യ സുരക്ഷാ ലൈസൻസ് പുതുക്കുവാൻ സാധിക്കുന്നതല്ല. ഭക്ഷ്യ സുരക്ഷാ ലൈസൻസ് ഇല്ലാത്ത പക്ഷം |

| | | | |
|---|---|---|---|
| | | | ബന്ധപ്പെട്ട സ്ഥാപനത്തിന് പ്രവർത്തനം സാധ്യമല്ല. അങ്ങനെ കണ്ടെത്തുന്ന പക്ഷം ഉചിതമായ നിയമ നടപടികൾ ബന്ധപ്പെട്ടവർക്കെതിരെ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ